പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2735

14/12/2015-ലെ മറുപടിയ്ക്ക്

## തയ്യൽ തൊഴിലാളി ക്ഷേമനിധി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പു മന്ത്രി) |
| (എ) തയ്യൽ തൊഴിലാളി ക്ഷേമനിധിയിൽ അംഗമാകുന്നതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കുമോ; | എ) 18 വയസ് പൂർത്തിയായിരിക്കുകയും എന്നാൽ 60 വയസ്സ് പൂർത്തിയായിട്ടില്ലാത്തതുമായ തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമ പ്രകാരം സ്ഥാപിക്കപ്പെട്ട മറ്റേതെങ്കിലും ക്ഷേമനിധിയിൽ അംഗമല്ലാതിരിക്കുകയും, മൂന്നു വർഷത്തിൽ കുറയാതെ തയ്യൽ ജോലിയിലോ എംബ്രോയിഡറി ജോലിയിലോ ഏർപ്പെട്ടിരിക്കുകയും ചെയ്യുന്ന ഏതൊരു തയ്യൽ തൊഴിലാളിക്കും സ്വയം തൊഴിലിൽ ഏർപ്പെട്ടിട്ടുള്ള ആൾക്കും ക്ഷേമനിധി ആക്റ്റും പദ്ധതിയും പ്രകാരം അംഗമായി രജിസ്റ്റർ ചെയ്യുന്നതിന് അർഹത ഉണ്ടായിരിക്കുന്നതാണ്. നിർദ്ദിഷ്ട ഫോറത്തിൽ വയസ് തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റും തൊഴിലുടമയിൽ നിന്നോ സ്ഥലം അസിസ്റ്റന്റ് ലേബർ ഓഫീസറിൽ നിന്നോ, 1926 ലെ ട്രേഡ് യൂണിയൻ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സംസ്ഥാനത്തെ ഏതെങ്കിലും തൊഴിലാളി സംഘടനയിൽ നിന്നോ ലഭിച്ചിട്ടുള്ള തൊഴിൽ സംബന്ധമായ |

| | | |
|---|---|---|
| | | സർട്ടിഫിക്കറ്റ് സഹിതം അപേക്ഷിക്കുന്ന തയ്യൽ തൊഴിലാളികൾക്ക് ക്ഷേമനിധിയിൽ അംഗമാകാവുന്നതാണ്. ക്ഷേമനിധിയിൽ ചേരുന്ന ഒരംഗം രജിസ്ട്രേഷൻ ഫീസായി രജിസ്ട്രേഷൻ നേടുന്ന സമയത്ത് 15/- രൂപ കൂടി ഒടുക്കേണ്ടതാണ്. |
| ബി) | തയ്യൽ തൊഴിലാളി ക്ഷേമനിധിയിൽ അംഗമാകുന്നവർക്ക് പ്രതിമാസം ക്ഷേമനിധിയിലേക്ക് എത്ര തുക വീതമാണ് അടയ്ക്കേണ്ടതെന്ന് വ്യക്തമാക്കുമോ; | ബി) തയ്യൽ തൊഴിലാളി ക്ഷേമനിധിയിൽ അംഗമാകുന്നവർക്ക് പ്രതിമാസം 20/- രൂപ വീതം അംശദായമായി ക്ഷേമനിധിയിൽ അടയ്ക്കേണ്ടതാണ്. |
| സി) | പ്രസ്തുത ക്ഷേമനിധിയിലെ അംഗങ്ങൾക്ക് നൽകുന്ന ആനുകൂല്യങ്ങളെ സംബന്ധിച്ച വിശദാംശം നൽകുമോ; | സി) വിശദാംശങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു. |
| ഡി) | തയ്യൽ തൊഴിലാളി ക്ഷേമനിധിയിൽ നിലവിൽ എത്ര പേർ അംഗങ്ങളായിട്ടുണ്ടെന്ന് അറിയിക്കുമോ; | ഡി) 7,34,780 രജിസ്റ്റേർഡ് അംഗങ്ങൾ ഉണ്ട്. |
| ഇ) | തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പക്കൽ നാളിതുവരെ എത്ര രൂപയുടെ നിക്ഷേപമുണ്ടെന്ന് വെളിപ്പെടുത്തുമോ? | ഇ) നാളിതുവരെ 37,72,57,980/- രൂപയുടെ നിക്ഷേപം ഉണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം I

## തയ്യൽ തൊഴിലാളി ക്ഷേമനിധിയിൽ നിന്നുള്ള ആനുകൂല്യങ്ങൾ

1. വിവാഹ ധനസഹായം - 2,000/- രൂപ
2. പ്രസവ ധനസഹായം - 15,000/- രൂപ
(ബോർഡ് വിഹിതം 2000/- + തൊഴിലും നൈപുണ്യവും വകുപ്പിന്റെ ബഡ്ജറ്റിൽ വകയിരുത്തിയ പ്ലാൻ ഫണ്ടിൽ നിന്നും 13,000/- )
3. മരണാനന്തര ധനസഹായം - 10,000/-
4. ശവസംസ്കാര ധനസഹായം - 1,000/-
5. ചികിത്സാ ധനസഹായം - പരമാവധി 5000/- രൂപ
6. റിട്ടയർമെന്റ് ആനുകൂല്യം - അടച്ച തുക സർവ്വീസ് തുടങ്ങിയവ കണക്കാക്കി തുക അനുവദിക്കുന്നു.
7. പെൻഷൻ - മിനിമം 600/- രൂപ
8. അവശതാ പെൻഷൻ - മിനിമം പെൻഷൻ തുക
9. കുടുംബ പെൻഷൻ - മിനിമം പെൻഷൻ തുക
10. വിദ്യാഭ്യാസ ധനസഹായം

എ) ക്യാഷ് അവാർഡ് : SSLC, +1,+2 കോഴ്സുകളിൽ മുഴുവൻ വിഷയത്തിനും A+ ഗ്രേഡ് വാങ്ങി വിജയിക്കുന്ന അംഗങ്ങളുടെ മക്കൾക്ക് 1000/- രൂപ ക്യാഷ് അവാർഡ് നൽകുന്നു.

ബി) സ്കോളർഷിപ്പ് :വിവിധ ബിരുദ-ബിരുദാനന്തര-ഡിപ്ലോമ- ഐ.റ്റി.ഐ കോഴ്സുകളിൽ അധ്യായനം നടത്തുന്ന അംഗങ്ങളുടെ മക്കളായ ഉയർന്ന പഠന നിലവാരമുള്ള വിദ്യാർത്ഥികൾക്ക് ഓരോ ജില്ലയിലും ഓരോ കോഴ്സിനും രണ്ട് വിദ്യാർത്ഥികൾക്ക് വീതം കോഴ്സിന്റെ അവസാനം വരെ വർഷം തോറും തുക അനുവദിക്കുന്നു. വിവിധ കോഴ്സുകൾക്ക് 600/- രൂപ മുതൽ 5000/- രൂപ വരെയാണ് സ്കോളർഷിപ്പ് നൽകി വരുന്നത്.

സെക്ഷൻ ഓഫീസർ